**ലോക്ക് ഡൗൺ കാലം സർഗാത്മകമായി പ്രയോജനപ്പെടുത്താൻ ബാലസഭാ കുട്ടികളുടെ ഫേസ്ബുക്ക് പേജുമായി കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ**

കൊറോണ രോഗവ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ലോക്ക് ഡൗൺ കാലം സർഗാത്മകമായി പ്രയോജനപ്പെടുത്താൻ മലപ്പുറം ബ്ലോക്ക് മിഷൻ മാനേജ്മെൻറ് യൂണിറ്റിന്റെ ബാലസഭാ സ്പെഷ്യൽ ഫേസ്ബുക്ക് പേജ് ലോഞ്ച് വ്യത്യസ്തരാവുകയാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ. കുട്ടികളുടെ സാമൂഹിക സർഗ്ഗാത്മക കഴിവുകളുടെ ഉന്നമനത്തിനായി അവധിക്കാലത്തും മറ്റുമായി ബാലസഭയിലെ കുട്ടികൾക്കു വേണ്ടി കുടുംബശ്രീ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ആണ് 'കുടുംബശ്രീ ബാലസഭാ മലപ്പുറം ബ്ലോക്ക്' എന്ന പേരിൽ ഫേസ്ബുക്ക് പേജ് ആരംഭിച്ചത്. മലപ്പുറം ബ്ലോക്കിന് കീഴിലുള്ള ബാലസഭാ കുട്ടികളുടെ പ്രവർത്തങ്ങളെ സാമൂഹിക മാധ്യമങ്ങൾ മുഖേന ജനങ്ങളിലേക്ക് എത്തിക്കുകയും അതു വഴി കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടു കൂടിയാണ് ഫേസ്ബുക്ക് പേജ് ആരംഭിച്ചിരിക്കുന്നത്. ഏപ്രിൽ 17 നാണു ഫേസ്ബുക്ക് പേജ് ലോഞ്ച് ചെയ്തത്.

മലപ്പുറം ബ്ലോക്കിലെ ബ്ലോക്ക് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ആണ് ഫേസ്ബുക്ക് പേജ് ആരംഭിച്ചിരിക്കുന്നത്. ഇവർ എല്ലാ ദിവസവും കുട്ടികൾക്ക് വാട്സ് ആപ്പ് ഗ്രൂപ്പ് വഴി ഒരോ ടാസ്കുകൾ നൽകുകയാണ് ചെയ്യുന്നത്. അതിലെ ആശയം ഉൾക്കൊണ്ടു കൊണ്ട് കുട്ടികൾ വീഡിയോ, ചിത്രം, കഥ, കവിത, ടിക്ക് ടോക്ക് വീഡിയോ, ഷോർട്ട്ഫിലിം മുതലായവ നിർമ്മിക്കുന്നു. ഇവയെല്ലാം ഈ ഫേസ്ബുക്ക് പേജിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നു. കരകൗശല വസ്തുക്കൾ, പാഴ് വസ്തുക്കൾ കൊണ്ട് നിർമിതികൾ, ഡോക്യുമെന്ററികൾ എന്നിവയും കുട്ടികൾ തയ്യാറാക്കുന്നുണ്ട്.

കൊറോണ കാലത്തിനു ശേഷം കുടുംബശ്രീ ബാലസഭയ്ക്ക്  കീഴിലുള്ള കുട്ടികളുടെ പ്രവർത്തനങ്ങളെല്ലാം ഒരു ഡിജിറ്റൽ മാഗസിനാക്കി പ്രസിദ്ധീകരിക്കാനും പദ്ധതിയുണ്ട്. ലോക്ക് ഡൗൺ സമയത്ത് കുട്ടികൾ നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ ഭാവിയിൽ കുടുംബശ്രീ ചന്ത വഴി വിപണിയിൽ എത്തിക്കാനും ഇത്തരം ഉത്പന്നങ്ങൾക്ക് നവമാധ്യമങ്ങൾ വഴി പ്രചാരണം നൽകാനും ഈ ഫേസ്ബുക്ക് പേജ് ഉപയോഗപ്പെടുത്തും. പ്രതിസന്ധി കാലഘട്ടത്തിലും ആശയവിനിമയത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി ബാലസഭാ കുട്ടികൾക്ക് പ്രോത്സാഹനം നൽകി, ഈ ലോക്ക് ഡൗൺ കാലം സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്താൻ സഹായിക്കുകയാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ.